LITTLE
KITES

# G.H.S.S
# CHEEMENI






## DIGITAL MAGAZINE 2023-2024

# ഉള്ളടക്കം.


1. ചീമേനിയുടെ ചരിത്രം - page no. 03
2. മലയാളം കവിത - ഓർമ്മ - page no. 04
3. മലയാളം കവിത - അമ്മ - page no. 05
4. മലയാളം കവിത - ഓർമ്മപ്പുര - page no. 06
5. മലയാളം കവിത - മധുരമാമോർമ്മ - page no. 07
6. മലയാളം കവിത - രണഭൂമി - page no. 08
7. മലയാളം കവിത - ഇരുണ്ട മേഘം - page no. 09
8. ഇംഗ്ലീഷ് കവിതകൾ- INTO THE SOLITUDE - page no. 10 - 11
9. ഇംഗ്ലീഷ് ചെറു കഥകൾ - DON'T GIVE UP - page no. 12
10. ഇംഗ്ലീഷ് ചെറു കഥകൾ - HAPPINESS - page no. 13
11. അനുഭവക്കുറിപ്പ് ( മലയാളം ) - എന്റെ മഴയനുഭവം - page no. 14
12. അനുഭവക്കുറപ്പ് ( ഇംഗ്ലീഷ് ) - page no. 15

## ചീമേനി \ ചരിത്രം:

1964–ൽ ഇന്ന്  സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് വിദ്യാലയ പ്രവർത്തനം  മാറി സ്കൂളിന് ആവശ്യമായത്രയും സ്ഥലം പരേതനായ ശ്രീ ജോർജ് തോമസ് കൊട്ടുകാപള്ളി സംഭാവനയായി നൽകി. നീലേശ്വരം N.E.S. ബ്ലോക്കിൻെറ സഹായത്തോടെ നാട്ടുകാർ ആദ്യ കെട്ടിടം പണികഴിപ്പിച്ചു. 1980–ലാണ് ഈ വിദ്യാലയം ഹൈസ്ക്കുളായി ഉയർത്തപ്പെട്ടത്. സാമ്പത്തീക പിന്നോക്കവ്യവസ്ഥയിവൽ കഴിയുന്ന ബഹുജനങ്ങൾ അധിവസിക്കുന്ന ഈ പ്രദേശത്ത് ഭൗതീക സൗകര്യങ്ങൾ ഒരുക്കുക എന്നത് വലിയൊരു വെല്ലു വിളി തന്നെയായിരുന്നു. ഈ കാലയളവിൽ നിരവധി പ്രവർത്തനങ്ങൾ നടന്നു. ഒട്ടേറെ വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിലൂടെ കടന്നുപോയി. അവരുടെ കാലൊച്ച മാറ്റത്തിൻെറ കുളമ്പടി ശബ്ദങ്ങളായി മാറി. 1997 –ലാണ് നായനാർ മന്ത്രിസഭ ഈ വിദ്യാലയം ഹയർ സെക്കൻണ്ടറിയായി ഉയർത്തിയത്.

# മലയാളം കവിത

ഓർമ്മ
രചന :അമൽ കെവി

എന്നുമെൻ നെഞ്ചക വാതിൽ തുറന്നു നീ എത്തിടും മധുരമാം നിമിഷങ്ങളിൽ
ചിതറിത്തെറിക്കുമീ മധുരമാം
ഓർമ്മകൾ ഇനിയും ഉണർന്നിടുമോ
(എന്നുമെൻ നെഞ്ചക)
ഓർമ്മകളിലെപ്പോഴോ ഞാൻ കാത്തു
വച്ചൊരാ ചെന്തളിർ പൂവിനിന്നെന്തു ഭംഗി(2)
ഇനിയും ഉറങ്ങാതെ ഞാൻ കാത്തു - നിന്നല്ലോ
സ്വപ്നത്തിലെത്തിടും -
നിന്നെക്കാണാൻ(2)
(എന്നുമെൻ നെഞ്ചക)
ദൂരത്തു നിന്നു നീ വരുമെന്ന -
വാർത്തയേ
കേട്ടു ഞാനോടിയിങ്ങെത്തിടുമ്പോൾ (2)
കോടി പുതച്ചു കിടക്കുന്ന നിന്റെയി
പൂമുഖം നോക്കി ഞാൻനിന്നിടുമ്പോൾ
(2)
(എന്നുമെൻ നെഞ്ചക)
ഇനിയെന്തു പാടണം......
ഇനിയെന്തു മിണ്ടണം ......
നീ കൂടെയില്ലാതെ ഞാനുമില്ല
ഇന്നു നീ കൂടെയില്ലാതെ ഞാനുമില്ല

# അമ്മ

അമ്മയാണ് എൻ്റെ ജീവൻ
അമ്മയാണെൻ്റെ ജീവൻ്റെ തുടിപ്പ്
ഞാൻ ഉരുവാകും മുമ്പേ
എനിക്കായി കാത്തിരുന്നൊരു അമ്മ

ഞാൻ പിറന്ന ശേഷം
എന്നെ ഓമനപ്പേർച്ചൊല്ലി വിളിച്ചോരമ്മ
അതിരാവിലെ ഉണർന്ന് എനിക്ക്
വേണ്ടുന്നതെല്ലാം നൽകുന്നൊരമ്മ

അതിരാവിലെ ഉണർത്തും എന്നെ
കുളിപ്പിച്ച് വൃത്തിയാക്കി
എന്നെ ഒരുക്കി പഠിക്കാൻ വിടുന്ന
അമ്മയാണെൻ്റെ ആദ്യത്തെ അദ്യയാപിക

ഒന്ന് വരാൻ വൈകിയാൽ
എനിക്കായി കാത്ത് നിൽക്കുന്നൊരമ്മ
പുതിയ ലോകത്തെക്കുറിച്ച് അറിവ് പകരും.

ചതിക്കുഴികളിൽ വീഴാതിരിക്കാൻ
അറിവിൻ്റെ പാഠങ്ങൾ പകർന്നു നൽകും
എന്നിലെ തെറ്റുകൾ കണ്ടാൽ
ശാസിക്കും, പിന്നെ ലാളിക്കും ഓമനിക്കും

എൻ്റെ ജീവിതത്തിൽ എൻ്റെ അമ്മ
അമ്മയില്ലാത്ത വീട് എനിക്ക് സങ്കൽപ്പിക്കാൻ ആവുന്നില്ല.
അറിവിൻ്റെ പിസ്തകമാണ് എൻ്റെ അമ്മ

അമ്മയുണർന്നില്ലെങ്കിൽ നിശ്ചലമാണ്
എൻ്റെ വീട്
കണ്കണ്ട ദൈവമാണ് എൻ്റെ അമ്മ
കണ്കണ്ട ദൈവമാണ് എൻ്റെ അമ്മ.

– എയ്ഞ്ചൽ ടി സജീവ്

# ഓർമപ്പുര

കണ്ടാൽ പുരാതനം പാടെ–

ദ്രവിചൊരാ വാതിൽ  ഞാൻ തുറന്നു

മൂലകളിൽ ചിലന്തികൾ വല–

 വിരിഞ്ഞു  നൃത്തമാടിട്ടുന്നു

കുഞ്ഞനുറുമ്പുകൾ മണ്ണിൽ–

പുറ്റുകളിൽ തല ചായ്ച്ചുറങ്ങുന്നു.

അവിടെയാ മൂലയിൽ കിടന്നൊരാ–

പെട്ടി ഓർമ്മകൾ നിറച്ച എൻ മനസ്സിൽ.......

ചവർപ്പും മധുരവും

നിറഞ്ഞൊരാ ഓർമ്മകൾ .

ഓർമ്മകൾ പലതും ചിരിപ്പിച്ചു എന്നാൽ

ചിലതോ കാർമേഘമായി കെട്ടിനിന്നു.........

– വിസ്മയ കെ വി

# മധുരമാമോർമ്മ

നീ എൻെറ നെഞ്ചിലെ മധുരമാം

ഓർമ്മയിൽ   അറിയാതെ വന്നു നിന്നു.

നീ എൻെറ കണ്ണിലെ കണ്ണുനീർപൊലെ

എൻ അരികിൽ വന്നു നിന്നു.

ആർദ്രമാം നിമിഷത്തിൽ കുളിരായി

പുൽകുവാൻ കാറ്റായി വന്നിടുന്നു.

എന്നിലെ ജിവിത കഥകളിൽ ആ–

നിഴൽ അറിയാതെ വന്നിടുന്നു.

പിന്നെ പറയാതെ പോയിടുന്നു.

നിൻ കാൽപാദത്തിൻ പാദസരമണി

മെല്ലെ കിലുങ്ങിടുന്നു.

പിന്നെ അറിയാതെ കൊഞ്ചിടുന്നു

നിന്നെ തേടുവാൻ  എത്രനാൾകൂടി  ഞാൻ

കാറ്റായി പറന്നുവന്നു

ഞാനൊരു കാറ്റായി  പുൽകിടുന്നു.

– അഭിജിത്ത് പുതുമന

# രണഭൂമി

ചുടുരക്തമൂറിയൊലിക്കുന്ന ഭൂമിയിൽ
അളവുറ്റ സ്വപ്നങ്ങൾ കെട്ടിപ്പണിതു നാം
മരണത്തിൻ വാതിലിൽ പൂട്ടു തുറന്നു നാം
നരകത്തിൻ തീച്ചൂള തൊട്ടുരുചിച്ചു നാം
അറിയാത്ത നേരിന്റെ പൊരുൾ കണ്ടെത്തുവാൻ
അണയാത്ത അഗ്നിയിൽ തീർത്തൊരു ശയ്യയും
മരണത്തിൻ രഥവുമായ് വന്നൊരു കാലനും
ഹൃദയത്തെ ഭേദിച്ചും അസ്ത്രം തൊടുത്തിതാ.

കരിപൂണ്ട കൈകൾ, കുരുക്കിട്ട കയറുകൾ
ഉറക്കം കെടുത്തുന്ന കൂട്ടക്കുരുതികൾ
മനുഷ്യന്റെ ആർത്തിയിൽ നശിച്ച ഈ പൃഥ്വിയിൽ
വ്രണമായി ചാരമായി മാറിയ മർത്ത്യനും
കനലിന്റെ ജ്വാലയിൽ എരിയുന്ന ഓർമ്മയിൽ
സ്വയമായി ഉരുകുന്ന മനുഷ്യാ നീ ഓർക്കണം
പ്രകൃതിക്ക് കാവലായി, നാടിനു വീരനായി
പകയെ കടന്നു നീ സ്നേഹമായി മാറുക.

പകയെന്ന ലഹരിയിൽ ഉന്മത്തനായി നീ
പ്രതികാര ദാഹത്താൽ വീർപ്പുമുട്ടുമ്പോഴും
ഉണരാത്ത ഹൃദയത്തെ താഴിട്ടടക്കാതെ
അറിയുക നീ നിന്റെ മനസ്സിന്റെ നിലവിളി
പകയെന്ന ലഹരി നിനക്കുനൽകുന്നത്-
മരണത്തിൻ കൂടാരമെന്ന സമസ്യയും
ചോരയൊലിക്കുന്ന കുരുതി കളങ്ങളോ
കുരുക്ഷേത്ര ഭൂമിതൻ നിലവിളിയാകുന്നു.

നൂറ്റൊന്നു പുത്രർ മരിച്ച രണഭൂമിയിൽ
അന്ധയായി കേഴുന്ന ഗാന്ധാരിയെന്നപ്പോൽ
വിഷമായ പകയും നിനക്കുനൽകുന്നതൊ
മരണത്തിൻ കൂടാരമെന്നൊരു സത്യവും
ചിതറിത്തെറിക്കുന്ന സ്വപ്നങ്ങളെപ്പോഴും
മരണത്തിൻ കൂടാരം കാട്ടിതരുന്നിതാ
ഇരുട്ടിന്റെ മറനീക്കി വെളിച്ചം പരക്കുമ്പോൾ
ജയിക്കുക നീ നിന്റെ പകയുടെ ശക്തിയെ...

**– എയ്ഞ്ചൽ ടി സജീവ്**

# ഇരുണ്ട മേഘം

ലഹരിയിൽ ആണ്ട് പോയൊരാ നേരം നിന്നെ മറവിലേക്ക് ആഴ്ത്തി ഞാൻ....

എൻ ഹൃദയത്തിൻ താളം ആടിയുലഞ്ഞു

പൈൻ മര താഴ് വരയിൽ ഓടി മറഞ്ഞോരാ ഓർമ്മകൾ....

തുറന്ന വാതിലിൻ ചുമരുകൾ ചായം പൂശിയ വർണ്ണപ്പകിട്ടുകൾ

പുളികൊമ്പാ ചില്ലകളിൽ പാദം പതിച്ചോരാ നാളുകൾ

പൊട്ടിപ്പൊളിഞ്ഞോരാ തേനീച്ചക്കൂട്ടുകൾ താഴ്മയിലാണ്ട് പോയി

വെണ്ണിലാവിരുണ്ടി നിന്നു കാർമേഘമായി

നീ കത്തി തെളിഞ്ഞോരാ നീർവിളക്ക് പട്ടുതിരി വന്നൊരാ നേരം

ലഹരി അടിച്ചുമൂടിയ വാതിൽ എന്നത് തുറക്കും........

–ശലഭ രാജീവൻ

# ENGILSH POEM

## INTO THE SOLITUDE

Ooh in the warm night,

Darkness everywhere

Light breeze, teasing me in every touch

Ooh this solitude, giving me those

Goosebumps...

Falling in my face those twinglight

Makes me think about those love eyes

But you made me, fall in that solitude ....

Loneliness making me even happy

People laughing, yelling teasing in my

silent words.

The human soul that ran through me

Making me feel guilty

Can't let those eyes fake me

Gonna hold its hands,

Ooh solitude....

Hold me tight....!

- Silfa Liz Lijoson

ENGLISH POEM :

Winter is here

And it's chilly outside

But it pales in contrast to

The chill that is

Seeping in my soul

The summer will return

With the warmth of the withered

winter

Garden will blossom

But what about the iceness that must

have taken up residence within me?

- Silfa Liz lijoson

ENGLISH SHORT STORY:

# DON'T GIVE UP

A Long time ago, there was lived a boy named Rodney in a village. He was very happy with his family. But his happiness could not last for long. Rodney and his fellow villagers faced a severe drought. They desperately waited for rains but with no luck. All the crops, land and even trees dried up. The cattle started dying. As there was no rain, the stream was drying up slowly.

One night , during a meet with the villagers, Rodney said, "Friends, we all have heard tales from our grandparents about an underground river flowing through our village. Why don't we dig and see?" The villagers agreed and started digging. They dug for some days but gave up soon. However, Rodney kept on digging. When people told him to give up,he said,"God is helping and guding my way".

One day, when he had dug deep enough, Rodney saw water. His attittude for not giving up saved the whole village. "Never give up so easily," Rodney advised all the villagers. Now, they are never short of water. And whenever any problem arises, all the villagers came up together and find a solution.

- Irfana V P

ENGLISH SHORT STORY:

# *HAPPINESS*

An old man lived in a village. He was one of the most unfortune people in the world.
The whole village was tired of him. He was always gloomy, constantly complained, and was always in a bad mood. The longer he lived, the more bile he produced and the more poisonous his words became.
People avoided him because his misfortune had become concagulous.
It was considered unnatural and insulting to be happy next to him. He created the feeling of unhappiness in others.
But one day, when he turned 78 years old, an incredible thing happened, Instantly, everyone started hearing the rumour: "The old man is happy today." He doesn't complain about anything. He smiles and even his face is fresh and up. " The whole village gathered together:
The old man was asked:
Villagers: what happened to you?
The old man replied:" nothing special."For 78 years, I have been chasing happiness, and it was useless. And then i decided to live without happiness and just joy enjoy life. That's why I am happy now.

The moral of the story:
Is don't chase happiness, just enjoy your life.....

- Irfana V P

അനുഭവക്കുറിപ്പ്:

# എന്റെ മഴയനുഭവം.

എനിക്ക് ഏറെ പ്രിയങ്കരമായ ഒന്നാണ് മഴ. മഴ കാണാനും, മഴ നനയാനും ഏറെ ഇഷ്ടപ്പെടുന്ന ഒരാളാണ് ഞാൻ. വായിച്ചിട്ടുള്ള കഥകളിലെ എന്റെ പ്രിയപ്പെട്ട ഒരു കഥാപാത്രമാണ് മഴ. സ്കൂളിലെ നെല്ലിമരത്തിന്റെ ശിഖരങ്ങളിലൂടെ മഴ കാണു-ന്നത് എനിക്ക് ഏറെ പ്രിയപ്പെട്ട ഒരു കാര്യമാണ്. ഒരു ദിവസം നല്ല മഴയുള്ള നേരത്ത് ഞാൻ പുറത്തേക്കിറങ്ങി. അതീവസുന്ദരമായ മഴത്തുള്ളികൾ എന്നെ സ്പർശിച്ചപ്പോൾ എന്റെ മനസ്സിലുണ്ടായ ആനന്ദം അതിരില്ലാത്തതായിരുന്നു. പക്ഷെ എന്റെ ആ സന്തോ-ഷം അധികനേരമൊന്നും നീണ്ടുനിന്നില്ല. അമ്മ വന്ന് എന്നെ പൊതിരെ തല്ലി. അന്നത്തെ ആ മഴയനുഭവം എന്റെ അകതാരത്തിൽ ഇന്നും ഒരു മായാത്ത ചിത്രമായി തന്നെ നില-കൊള്ളുന്നു.

– ഗൗരി നന്ദന

## അനുഭവക്കുറിപ്പ്(english):

Everyone likes rain. Iam also intrested to see rain. I had a memorable experience of a rainy day in my childhood. That was the beginning days of school reopening. On a day i woke up and found that the sky was covered with full of dark clouds. My sister also likes rain verymuch. On that rainy day me and my sister made paper boats and made them float in the water. I likes the smell of the earth when rains. During my childhood i like getting wet in the rain. I think rain is a threat for the senses, everything around appears joyful because i felt a joyful feeling during the time of rain. That rain was started at the morning and continued for till evening. At that time, that rain was so refreshing for me and not only me the whole world. After the all thing like humans and nature were refreshing. And that rain felt so refreshing after the sunny days. I enjoyed that rain with full of pleasant mind with my family.

- Devananda

# പാഠ്യേതര പ്രവർത്തനങ്ങൾ

## ✿SPC:







# LITTLE KITES:





## ✿ ഹരിതസേന:





# scout:







# Junior Red Cross












# G.H.S.S
# CHEEMENI

## DIGITAL MAGAZINE
## 2023-2024